# അക്കാദമിക മാസ്റ്റർ പ്ലാൻ

## നാറാത്ത് മാപ്പിള എൽ പി സ്കൂൾ



Scanned with OKEN Scanner

## ഉള്ളടക്കം.....


- അടിസ്ഥാന വിവരങ്ങൾ ...........................
- ആമുഖം ..........................................
- പൊതുലക്ഷ്യങ്ങൾ.................................
- വിദ്യാലയത്തിന്റെ ലഘുചരിത്രം....................
- അവസ്ഥാ വിശകലനം ............................
- വിദ്യാലയ വിഷൻ ..................................
- പദ്ധതി വിശകലനം.................................
- പ്രതീക്ഷിത നേട്ടങ്ങൾ.............................
- മോണിറ്ററിംഗ് .....................................
- ഉപസംഹാരം ........................................


Scanned with OKEN Scanner

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | നാറാത്ത് മാപ്പിള എൽ പി സ്കൂൾ |
| വിലാസം | : | പി ഒ നാറാത്ത്, വഴി. കൊളച്ചേരി, |
| | | കണ്ണൂർ, പിൻ. 670601 |
| സ്കൂൾ കോഡ് | : | 13617 |
| വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| ഉപജില്ല | : | പാപ്പിനിശ്ശേരി |
| സി ആർ സി | : | നാറാത്ത് |
| പഞ്ചായത്ത് | : | നാറാത്ത് |
| നിയമസഭാ മണ്ഡലം | : | അഴീക്കോട് |
| ലോകസഭാ മണ്ഡലം | : | കണ്ണൂർ |
| താലൂക്ക് | : | കണ്ണൂർ |
| ബ്ലോക്ക് | : | കല്ല്യാശ്ശേരി |
| വില്ലേജ് | : | നാറാത്ത് |
| ഇ-മെയിൽ | : | School13617@gmail.com |
| ഫോൺ നമ്പർ | : | 04602240463 |

Scanned with OKEN Scanner

**ആമുഖം**

നാറാത്ത് ഗ്രാമപഞ്ചായത്തിലെ നാറാത്ത് എന്ന സ്ഥലത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. നാറാത്ത് ടൗണിൽ നിന്നും കല്ലൂരിക്കടവ് റോഡിൽ 100 മീറ്റർ ദൂരത്താണ് സ്കൂളിന്റെ സ്ഥാനം. ഭൂരിഭാഗവും മുസ്ലിം ന്യൂനപക്ഷ വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശമാണിത്. ഈ പ്രദേശത്തിന്റെ അരികിലൂടെ വളപട്ടണം പുഴ ഒഴുകി പോകുന്നു. നാറാത്ത് സർവ്വീസ് ബാങ്കിന്റെ ഹെഡ് ഓഫീസ്, നാറാത്ത് വില്ലേജ് ഓഫീസ് എന്നിവ സ്കൂളിന്റെ സമീപത്താണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ അധ്യയന വർഷത്തിന്റെ അവസാനത്തോടെ ഗവൺമെന്റ് നടത്തിയ വിവിധ പ്രവർത്തനങ്ങൾ നമ്മുടെ സ്കൂളിലും സാധ്യതകൾക്കനുസരിച്ച് നടത്തുകയും അതിന്റെ ഭാഗമായിത്തന്നെ കുട്ടികളുടെ വർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സ്കൂളിലേക്ക് അയക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ എന്താണോ പ്രതീക്ഷിക്കുന്നത് അത് സഫലമാക്കുക. എന്നതാണ് നമ്മുടെ കർത്തവ്യം. അതിൽ അധ്യാപകരും വിദ്യാർത്ഥികളും സമൂഹവും ഉൾപ്പെടുന്നു. ഈ മൂന്ന് ഘടകങ്ങളെയും ഉൾപ്പെടുത്തി വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്താനുള്ള വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

****************************

Scanned with OKEN Scanner

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതതു ക്ലാസിൽ നേടേണ്ട ശേഷികൾ നേടിയെടുക്കും.
2. 4ാം ക്ലാസ് കഴിയുമ്പോഴേക്കും 3 ഭാഷകൾ (മലയാളം, ഇംഗ്ലീഷ്, അറബി) എഴുതുവാനും വായിക്കാനുമുള്ള കഴിവ് നേടും.
3. കുട്ടികളുടെ കഴിവ് പഠനത്തിൽ മാത്രം ഒതുക്കാതെ സർഗാത്മകതയും കായികവുമായ കഴിവുകൾ വികസിപ്പിക്കും.
4. കുട്ടികളുടെ ആരോഗ്യ പഠനത്തിന് ഊന്നൽ നൽകും. കായിക ക്ഷമത വർദ്ധിപ്പിക്കും.
5. സഹകരണ മനോഭാവം, സഹജീവി സ്നേഹം, തുടങ്ങിയ മൂല്യങ്ങൾ വർദ്ധിപ്പിക്കും.
6. ICT സാധ്യതകൾ എല്ലാവർക്കും പ്രയോജനപ്പെടുത്തും.
7. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നു.

Scanned with OKEN Scanner

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ നാറാത്ത് ഗ്രാമപഞ്ചായത്തിൽ 1926 ൽ ശ്രീ കുഞ്ഞപ്പ നായർ എന്ന ഒരു വിദ്യാഭ്യാസ തൽപ്പരനാണ് നാറാത്ത് മാപ്പിള എൽ പി സ്കൂൾ സ്ഥാപിച്ചത്. മാനേജരും പ്രധാന അധ്യാപകനും അദ്ദേഹം തന്നെ. സാമൂഹ്യമായും സാമ്പത്തികമായും, വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന മുസ്ലിം ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നേടുന്നതിന് വേണ്ടിയാണ് സ്കൂൾ സ്ഥാപിച്ചത്. 1927-ൽ സ്കൂളിന് അംഗീകാരം ലഭിച്ചു. മലബാർ റെയിഞ്ച് ഡെപ്യൂട്ടി ഡയറക്ടർ നമ്പർ 35/109 ആയി 27/01/1927 - ൽ അംഗീകരിച്ചു. 1930 ൽ പൂർണ്ണ എൽ പി സ്കൂളായി. അന്ന് മാടായി ഉപജില്ല ആയിരുന്നു. '1964' ൽ പാപ്പിനിശ്ശേരി ഉപജില്ലയായി. 1930 ൽ 4 അധ്യാപകരും 62 മുസ്ലിം ആൺകുട്ടികളുമാണുണ്ടായത്. ഹിന്ദുമതത്തിൽപ്പെട്ട കുറച്ചു കുട്ടികളും പിന്നെ ചേർന്നു. എന്നാൽ സ്കൂൾ തുടങ്ങി 8 വർഷം കഴിഞ്ഞപ്പോഴാണ്. മുസ്ലിം പെൺകുട്ടികൾ സ്കൂളിൽ ചേർന്ന് പഠിക്കാൻ തുടങ്ങിയത്. കുട്ടികൾ വർധിച്ച് 112 ആയി 1935 ൽ അഞ്ചാം ക്ലാസ് ലഭിച്ചു. 1961 ൽ അഞ്ചാം ക്ലാസിന്റെ അംഗീകാരം റദ്ദാക്കി. കെ ടി മുഹമ്മദ് കുഞ്ഞി എന്ന അധ്യാപകൻ സ്കൂളിന്റെ ഉടമസ്ഥാവകാശം കുഞ്ഞപ്പനായരിൽ നിന്നും വാങ്ങി, സ്കൂൾ മാറ്റി സ്ഥാപിച്ചു.

ഓലമേഞ്ഞ ചുമരുകളില്ലാത്ത ഷെഡ്ഡിന് 1935 ൽ ചുമരുണ്ടാക്കി. 1945 ൽ മേൽപ്പുര ഓടാക്കി. 7 ക്ലാസുകളും 7 അധ്യാപകരുമായി. '1959' ൽ അറബിക് ടീച്ചർ തസ്തിക കിട്ടി. കഴിഞ്ഞ 5 വർഷങ്ങളിലായി സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും ഏറെ മെച്ചപ്പെടുവാനുണ്ട്. ഭൗതീക സാഹചര്യങ്ങളിൽ പരിമിതികൾ ഏറെയുണ്ടെങ്കിലും അക്കാദമിക കാര്യങ്ങളിൽ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അധ്യാപികമാർ സ്കൂളിന് മുതൽ കൂട്ടാണ്. ഇപ്പോൾ 1 മുതൽ 4 വരെ നാല് ക്ലാസുകളും 4 അധ്യാപകമാരുമാണുള്ളത്.

Scanned with OKEN Scanner

## അവസ്ഥാ വിശകലനം

### അക്കാദമികം :

### നേട്ടങ്ങൾ

1. ഓരോ ക്ലാസിലും 60% കുട്ടികൾക്ക് A/B ഗ്രേഡ് ലഭിക്കുന്നു.
2. 80% കുട്ടികൾക്കും നാലാം ക്ലാസ് കഴിയുമ്പോഴേക്കും മലയാളം, ഇംഗ്ലീഷ്, അറബി എന്നീഭാഷകൾ എഴുതുവാനും വായിക്കുവാനും കഴിയുന്നു.
3. അറബി കലോത്സവത്തിൽ മികച്ച നിലവാരം പുലർത്താൻ കഴിയുന്നു.
4. സ്കൂൾ കലോത്സവം, സ്കൂൾ കായികമേള, എന്നിവയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

### പരിമിതികൾ

1. ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ പൂർണ്ണമായും നേടാൻ കഴിയുന്നില്ല.
2. നാലാം ക്ലാസ് കഴിയുമ്പോഴേക്കും എല്ലാ കുട്ടികൾക്കും മലയാളം വായിക്കാൻ കഴിയുന്നുണ്ടെങ്കിലും ആശയ ഗ്രഹണ വായന കുറച്ചു പേർക്ക് മാത്രം സാധിക്കുന്നു.
3. സ്വതന്ത്ര രചനയിൽ അക്ഷരത്തെറ്റ് കൂടുതലായി വരുത്തുന്നു.
4. ചിഹ്നങ്ങൾ ചേർക്കുമ്പോൾ തെറ്റ് വരുത്തുന്നു.
5. ഗണിതത്തിൽ സംഖ്യാബോധം, സ്ഥാനവില ഇവ ശരിയായി മനസ്സിലാക്കുന്നില്ല.
6. സ്വതന്ത്രമായി, സ്വന്തമായി പ്രശ്നാപഗ്രഥനം ചെയ്യാൻ കഴിയുന്നില്ല.
7. ഇംഗ്ലീഷ്, അറബി, എന്നീ ഭാഷകളിൽ സ്വതന്ത്ര രചന നടത്താൻ കഴിയുന്നില്ല.
8. മലയാളം സ്വതന്ത്ര രചന നടത്തുമ്പോൾ പ്രാദേശിക ഭാഷയുടെ ആധിക്യം ഉണ്ടാകുന്നു.
9. മൂല്യ നിർണ്ണയ പ്രവർത്തനങ്ങൾ സ്വന്തമായി വായിച്ച് മനസ്സിലാക്കി ചെയ്യാൻ എല്ലാവർക്കും കഴിയുന്നില്ല.
10. പൊതു വിജ്ഞാനത്തിൽ നല്ല നിലവാരം പുലർത്തുന്നില്ല.
11. വായനശീലം കുറഞ്ഞുവരുന്നു.
12. കുട്ടികൾ സ്വതന്ത്രമായി പരീക്ഷണങ്ങൾ ചെയ്ത് കാണിക്കാൻ കഴിയുന്നില്ല/ അവസരമില്ല.
13. കുട്ടികൾക്ക് കായികാരോഗ്യം കുറവ്.
14. ICT സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

Scanned with OKEN Scanner

# നിലവിലുള്ള അധ്യാപകരുടെ എണ്ണം

| നമ്പർ | പേര് | തസ്തിക | ജനനതീയ്യതി | യോഗ്യത |
|---|---|---|---|---|
| 1 | റസാന എൽ. | എൽ.പി.എസ്.ടി. | 16 – 05 – 1991 | PLUS TWO TTC |
| 2 | ഖദീജ എ.പി. | അറബിക് ടീച്ചർ | 18 – 01 – 1981 | AFSAL UI ULAMA, BA |
| 3 | പ്രിജിന കെ.വി. | എൽ.പി.എസ്.ടി. | 31 – 12 – 1987 | PLUS TWO TTC |
| 4 | രഷിൻ രവീന്ദ്രൻ വി.കെ. | എൽ.പി.എസ്.ടി. | 07 – 05 – 1990 | PLUS TWO TTC |
| 5 | റിഷാന കെ.പി. | എൽ.പി.എസ്.ടി. | 15 – 03 – 1997 | PLUS TWO TTC |

Scanned with OKEN Scanner

# അനുബന്ധം

## കുട്ടികളുടെ എണ്ണം വർഷങ്ങളിലൂടെ

| STD | B/G | 2014-15 | 2015-16 | 2016-17 | 2017-2018 |
|---|---|---|---|---|---|
| I | B | 4 | 7 | 2 | 10 |
| | G | 12 | 11 | 6 | 10 |
| | T | 16 | 18 | 8 | 20 |
| II | B | 7 | 4 | 7 | 2 |
| | G | 10 | 12 | 10 | 5 |
| | T | 17 | 16 | 17 | 7 |
| III | B | 4 | 7 | 3 | 11 |
| | G | 9 | 10 | 10 | 9 |
| | T | 13 | 17 | 13 | 20 |
| IV | B | 9 | 5 | 7 | 3 |
| | G | 6 | 9 | 8 | 10 |
| | T | 15 | 14 | 15 | 13 |
| TOTAL | B | 24 | 23 | 19 | 26 |
| | G | 37 | 42 | 34 | 34 |
| | T | 61 | 65 | 53 | 60 |

Scanned with OKEN Scanner

| STD | B/G | 2018-19 | 2019-20 | 2020-21 | 2021-2022 |
|---|---|---|---|---|---|
| I | B | 8 | 9 | 14 | 12 |
| | G | 8 | 15 | 15 | 10 |
| | T | 16 | 24 | 29 | 22 |
| II | B | 10 | 10 | 9 | 14 |
| | G | 9 | 8 | 15 | 15 |
| | T | 19 | 18 | 24 | 29 |
| III | B | 2 | 11 | 10 | 9 |
| | G | 6 | 11 | 8 | 18 |
| | T | 8 | 22 | 18 | 27 |
| IV | B | 10 | 2 | 11 | 11 |
| | G | 8 | 7 | 11 | 9 |
| | T | 18 | 9 | 22 | 20 |
| TOTAL | B | 30 | 32 | 44 | 46 |
| | G | 31 | 41 | 49 | 52 |
| | T | 61 | 73 | 93 | 98 |

Scanned with OKEN Scanner

| STD | B/G | 2022-23 | 2023-24 | 2024-25 | 2025-2026 |
|---|---|---|---|---|---|
| I | B | 3 | 7 | 9 | 6 |
| | G | 4 | 7 | 7 | 5 |
| | T | 15 | 14 | 16 | 11 |
| II | B | 13 | 3 | 7 | 9 |
| | G | 11 | 11 | 7 | 6 |
| | T | 24 | 14 | 14 | 15 |
| III | B | 11 | 12 | 3 | 7 |
| | G | 15 | 8 | 11 | 7 |
| | T | 26 | 20 | 14 | 14 |
| IV | B | 8 | 11 | 13 | 3 |
| | G | 20 | 13 | 8 | 11 |
| | T | 28 | 24 | 21 | 14 |
| TOTAL | B | 35 | 33 | 32 | 25 |
| | G | 58 | 39 | 33 | 29 |
| | T | 93 | 72 | 65 | 54 |

Scanned with OKEN Scanner

# പദ്ധതി വിശകലനം

## മേഖല : ഭാഷാശേഷി വികസനം (മലയാളം)

| ക്രമ നമ്പർ | പശ്ചാത്തലം (പഠനപ്രശ്നം) | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | ആശയ ഗ്രഹണമില്ലാത്ത വായന, വായിച്ച കാര്യങ്ങൾ, ആശയങ്ങൾ പറയാൻ കഴിയുന്നില്ല. | ആശയ ഗ്രഹണത്തോടെയുള്ള വായന. വായിച്ച കാര്യങ്ങൾ ആശയത്തോടെ അവതരിഷിക്കാനുള്ള കഴിവ്. | 1 മുതൽ 4 വരെ | 1. വായനാകാർഡ് നൽകി വായിക്കാനവസരം നൽകി. വായിച്ച കാര്യങ്ങൾ ചിത്രത്തിലൂടെ അവതരിഷിക്കാനവസരം നൽകുന്നു.<br>2. അസംബ്ലികളിൽ വാർത്ത വായന നടത്തുന്നു.<br>3. വായനാസാമഗ്രി നൽകി വായിച്ചതിനു ശേഷം, ലഘു ചോദ്യങ്ങൾ നൽകി ഉത്തരം കണ്ടെത്താൻ അവസരം നൽകുന്നു.<br>4. എന്റെ വായനാനുഭവം ക്ലാസ് ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ ഉപയോഗപ്പെടുത്തി കുട്ടികൾ വായിക്കുന്നു. വായിച്ച കാര്യങ്ങൾ കുട്ടികൾ ക്ലാസിൽ അവതരിഷിക്കുന്നു. | ജൂൺ - മാർച്ച് | മലയാളം അധ്യാപിക | |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 4-ാം ക്ലാസിൽ എത്തുമ്പോഴേക്കും തെറ്റു കൂടാതെ സ്വതന്ത്ര രചന നടത്താൻ കഴിയുന്നില്ല. | 4-ാം ക്ലാസിൽ എത്തുമ്പോഴേക്കും ചിഹ്നങ്ങൾ, അക്ഷരങ്ങൾ എന്നിവ തെറ്റുകൂടാതെ സ്വതന്ത്ര രചന നടത്താൻ കഴിവുണ്ടാക്കുക. | 1 മുതൽ 4-ാം ക്ലാസ് വരെ | 1. ആകർഷകമായ ചിത്രങ്ങൾ നൽകി, പറയാനവസരം ഒരുക്കി തുടർന്ന് പദങ്ങൾ, വാക്യങ്ങൾ എന്നിവ എഴുതി അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ജൂൺ - ജൂലായ് | മലയാളം അധ്യാപിക | |
| | | | 2 മുതൽ 4ാം ക്ലാസ് വരെ | 2. രണ്ടാം ക്ലാസ് മുതൽ 4 ാം ക്ലാസ് വരെ ഡയറി എഴുത്ത് നൽകാം. | | | |
| | | | | 3. കുട്ടികൾ വായിച്ച പുസ്തകത്തിന്റെ കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കാം. വായിച്ച പുസ്തകത്തിന്റെ പേരും കുട്ടിയുടെ പേരും ക്ലാസിൽ എഴുതി ചേർക്കാം (വായനാമരം). | ജൂൺ - മാർച്ച് | മലയാളം അധ്യാപിക | |
| | | | | 4. വർക്ക് ഷീറ്റ് (ഓരോ പാഠഭാഗത്തിന്റെയും) നൽകി സ്വതന്ത്രമായി വായിച്ച് എഴുതുവാനവസരം നൽകാം. | | മലയാളം അധ്യാപിക വിദ്യാരംഗം കൺവീനർ | |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | അന്വേഷണ ബുദ്ധി പ്രകടമല്ല | ➢ അന്വേഷണാത്മ കത ത്വരത<br>➢ പൊതുവിജ്ഞാ നം വർദ്ധിപ്പി ക്കാൻ. | 2 മുതൽ 4 വരെ<br><br>2 മുതൽ 4 വരെ | 1. കുട്ടികൾക്ക് ക്വിസ് നോട്ട് ഉൾപ്പെടുത്തി, ആഴ്ചയിൽ ഒരു ദിവസം 10 ചോദ്യങ്ങൾ നൽകി ഉത്തരം സ്വയം കണ്ടെത്താനവസരം നൽകുന്നു.<br><br>2. മാസത്തിലൊരിക്കൽ ക്വിസ് മത്സരം | ജൂൺ - ജൂലായ് | മലയാളം അധ്യാപിക | |
| 4 | ഭാഷാപ്രയോഗ ത്തിനുള്ള പ്രാവീണ്യ ക്കുറവ് | ഭാഷ പ്രയോഗിക്കാ നുള്ള കഴിവ് വർദ്ധി പ്പിക്കൽ | | 1. പദപ്രശ്നം, കടംകഥ ഇവ സ്വന്തമായി ഉണ്ടാക്കി കാണി ക്കുന്നു.<br><br>2. ഭാഷാപ്രയോഗങ്ങൾ സ്വായത്തമാക്കാൻ ഇത്തരം കടംകഥാപയറ്റുകൾ നട ത്തുന്നു. പദപ്രശ്നം ഉപ യോഗിച്ച് പ്രശ്നോത്തരി സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | മലയാളം അധ്യാപിക | |

Scanned with OKEN Scanner

# പദ്ധതി വിശകലനം

## മേഖല : ഭാഷാശേഷി വികസനം (ഇംഗ്ലീഷ്)

| ക്രമ നമ്പർ | പശ്ചാത്തലം (പഠനപ്രശ്നം) | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് വിഷയ പഠനത്തിൽ താൽപര്യമില്ലായ്മ. | 1,2,3,4 ക്ലാസിലെ കുട്ടികളിൽ ഇംഗ്ലീഷ് വിഷയത്തിൽ താല്പര്യം ഉളവാക്കുക. | 1,2,3,4 ക്ലാസുകളിലെ എല്ലാ കുട്ടികളും | 1. ഇംഗ്ലീഷ് അസംബ്ലികളിൽ കുട്ടികളുടെ അവതരണങ്ങൾ, കൂടുതൽ പങ്കാളിത്തം ഉറപ്പാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക | |
| 2 | ഇംഗ്ലീഷ് വായനയിൽ കാണിക്കുന്ന താല്പര്യക്കുറവ് | 1,2,3,4 ക്ലാസിലെ കുട്ടികളിൽ ഇംഗ്ലീഷ് വിഷയത്തിൽ മാത്രം കാണിക്കുന്ന വായനാ വിരസതയ്ക്ക് കാരണം കണ്ടെത്തി പരിഹരിക്കുക. | 1,2,3,4 ക്ലാസുകളിലെ എല്ലാ കുട്ടികളും | 2. ലഘുവായ ഇംഗ്ലീഷ് പുസ്തക വായന സാമഗ്രികൾ ഉപയോഗപ്പെടുത്തുന്നു.<br>3. കുട്ടികൾ തന്നെ നിർമ്മിക്കുന്ന ഇംഗ്ലീഷ് പദപ്രശ്നം.<br>4. കുട്ടികളുടെ അഭിരുചി പരിഗണിച്ചു കൊണ്ടുള്ള ഇംഗ്ലീഷ് ഫെസ്റ്റുകളുടെ അവതരണം.<br>1. ചിത്രങ്ങൾ കൊണ്ട് ആകർഷകമായതും ലഘുവായതുമായ വായനസാമഗ്രികൾ ഉപയോഗിക്കുന്നു.<br>2. കുട്ടികൾക്ക് തന്നെ സ്വന്തമായി വായനാസമഗ്രികൾ നിർമ്മിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 3. കുട്ടികളുടെ സ്വനിർമ്മിതമായ വായനാകാർഡുകൾ അസംബ്ലികളിൽ പ്രദർശിപ്പിക്കുന്നു. കുട്ടികളെക്കൊണ്ട് തന്നെ വായന നടത്തിക്കുന്നു. | | | |
| 3 | ഇംഗ്ലീഷ് സംസാരിക്കുന്നതിൽ ഉള്ള പിന്നോക്കാവസ്ഥ. | 1,2,3,4 ക്ലാസുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കുവാൻ താല്പര്യം ജനിപ്പിക്കുക. | 1,2,3,4 ക്ലാസുകളിലെ എല്ലാ കുട്ടികളും. | 1. റോൾപ്ലേകൾ, സ്കിറ്റുകൾ, സംഭാഷണം തുടങ്ങി കുട്ടികൾക്ക് ഇംഗ്ലീഷിൽ സംസാരിക്കുവാൻ അവസരം ലഭിക്കുന്ന പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ കൂടുതലായി സംഘടിപ്പിക്കുക.<br><br>2. അസംബ്ലികളിൽ "മഹാന്മാരുടെ വാക്കുകൾ", വായിച്ച പുസ്തകത്തെ പരിചയപ്പെടുത്തൽ തുടങ്ങികുട്ടികൾക്ക് ഇംഗ്ലീഷിൽ സംവദിക്കാൻ അവസരം ഒരുക്കുക.<br><br>3. ക്ലാസ് മുറികളിൽ ടീച്ചറും കുട്ടിയും തമ്മിലുള്ളതും കുട്ടികൾ തമ്മിലുള്ളതുമായ സംഭാഷണ ശകലങ്ങൾ ഇംഗ്ലീഷിൽ പറയുവാൻ ആവശ്യപ്പെടുക. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക | |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 3. ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. | | | |
| 4 | ഇംഗ്ലീഷ് എഴുത്തുകളിൽ വരുത്തുന്ന പിഴവുകൾ പരിഹരിക്കുക. | 1,2,3,4 ക്ലാസിലെ കുട്ടികളിൽ ഇംഗ്ലീഷ് വിഷയത്തിലുള്ള എഴുത്തിൽ വരുത്തുന്ന പിഴവുകൾ കണ്ടെത്തി പരിഹരിക്കുക. | 1,2,3,4 ക്ലാസുകളിലെ എല്ലാ കുട്ടികളും | 1. കോപ്പികൾ, Cursive writing പുസ്തകങ്ങൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നു.<br><br>2. ഫുൾസ്റ്റോപ്പുകൾ, കോമ, ആശ്ചര്യചിഹ്നം, എന്നിവയൊക്കെ ആവശ്യമായ സ്ഥലത്ത് ഉപയോഗപ്പെടുത്തി എഴുതുവാൻ അധ്യാപികയുടെ വായനയിലൂടെയും സ്വന്തമായും കഥകൾ നിർമ്മിക്കുന്നു.<br><br>3. ICT , വർക്ക് ബുക്കുകൾ എന്നിവ ഫലപ്രദമായി വിനിയോഗിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക | 600/- പി.ടി.എ |

Scanned with OKEN Scanner

## മേഖല : ഭാഷാശേഷി വികസനം (അറബിക്)

| ക്രമ നമ്പർ | പശ്ചാത്തലം (പഠനപ്രശ്നം) | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | അക്ഷര സ്ഫുടതയോടെയുള്ള വായനയിൽ നേരിടുന്ന പ്രശ്നം | മുഴുവൻ അക്ഷരങ്ങളുടെയും ഉച്ചാരണ സ്ഥാനം തിരിച്ചറിയൽ | 1 മുതൽ 4 വരെ ക്ലാസിലുള്ള കുട്ടികൾ | പരസ്പരം സാമ്യമുള്ള അക്ഷരങ്ങൾ ഉപയോഗിച്ച് ധാരാളം വാക്യങ്ങൾ കുട്ടികൾക്ക് കാണാൻ അവസരം കൊടുക്കുകയും മറ്റുള്ളവർ കേൾക്കെ ഉച്ചത്തിൽ വായിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| 2 | വായനയിൽ അക്ഷര സ്ഫുടതയും ഉച്ചാരണ ശുദ്ധിയും കുറവ് | കുട്ടികൾ തന്നെ ഉച്ചാരണത്തിൽ വന്ന തെറ്റുകൾ തിരിച്ചറിഞ്ഞ് സ്വയം തിരുത്താനുള്ള കഴിവ് ഉണ്ടാക്കുക. | 1,2, ക്ലാസുകളിലെ കുട്ടികൾ. | കുട്ടികൾ വാക്കുകൾ പറയുമ്പോൾ ടീച്ചർ റെക്കോർഡ് ചെയ്യുന്നു. ശേഷം കുട്ടികളെ ഇത് കേൾപ്പിക്കുന്നു. ശരിയായ രീതിയിൽ എത്തുന്ന വരെ ഇത് തുടരുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| 3 | ആശയഗ്രഹണത്തോടെയുള്ള വായനയുടെ അപര്യാപ്തത. | വായിച്ച കാര്യങ്ങൾ ആശയത്തോടെ അവതരിപ്പിക്കാനുള്ള കഴിവ് | 3,4,ക്ലാസിലെ വിദ്യാർത്ഥികൾ | വായനകാർഡ് നൽകി വായിക്കാൻ അവസരം നൽകുന്നു. വായിച്ച ഭാഗത്തു നിന്നും ചോദ്യങ്ങൾ നൽകി ഉത്തരം കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | വായനയിലുള്ള താല്പര്യക്കുറവ് | കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | 1 മുതൽ 4 വരെ ക്ലാസിലുള്ള കുട്ടികൾ | ലളിതമായ അറബി പുസ്തക ശേഖരണം, ചിത്രകഥകൾ, കുട്ടിക്കവിതകൾ, ചെറിയ ചെറിയ വിവരണം എന്നിവ കുട്ടികൾക്ക് സാധ്യമാക്കി ഉപയോഗപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | 200/- എസ്.എസ്.എ |
| 5 | | മത്സരബുദ്ധിയുടെ വായന മെച്ചപ്പെടുത്തുക. | 3,4 ക്ലാസുകളിലെ കുട്ടികൾ. | മികച്ചവായന നടത്തുന്നവർക്ക് വസ്തുക്കൾ സമ്മാനമായി നൽകുന്നു. അറബിക് ക്വിസ് മത്സരങ്ങൾ മാസത്തിലൊരിക്കൽ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| 6 | തനിച്ച് വായിക്കാൻ കാണിക്കുന്ന മടി<br><br>തനിച്ച് വായിക്കാൻ കാണിക്കുന്ന മടി | ക്ലാസ് വായന മെച്ചപ്പെടുത്തൽ<br><br>ICT യുടെ ഉപയോഗം കാര്യക്ഷമമാക്കൽ | 1 മുതൽ 4 വരെ ക്ലാസിലുള്ള കുട്ടികൾ<br><br>1 മുതൽ 4 വരെ ക്ലാസിലുള്ള വിദ്യാർത്ഥികൾ | ഓരോ അറബിക് പിരീഡിലും മൂന്നോ നാലോ കുട്ടികൾ പാഠഭാഗം ഉച്ചത്തിൽ വായിക്കുക.<br><br>സ്ക്രീനിൽ പതിയുന്ന പദങ്ങളും വാക്യങ്ങളും വായിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | കുട്ടികളുടെ കൈയ്യക്ഷരത്തിൽ വരുന്ന വ്യതിയാനം | കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | 1 മുതൽ 4 വരെ ക്ലാസിലുള്ള വിദ്യാർത്ഥികൾ | ഒന്നാം ക്ലാസ് മുതലേ കോപ്പി എഴുത്ത് പരിശീലനം നൽകുന്നു. ഇതിലൂടെ അക്ഷരങ്ങൾ എഴുതുന്ന ശൈലിയിലും രൂപത്തിലും വലിപ്പത്തിലും ധാരണയുണ്ടാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| 8 | എഴുത്തിൽ വരുന്ന അക്ഷര പിഴവുകൾ | കോപ്പി എഴുത്തിൽ നോക്കി എഴുതുമ്പോൾ അക്ഷരത്തെറ്റില്ലാതെ എഴുതി തയ്യാറാക്കുന്നു. | 1 മുതൽ 4 വരെ ക്ലാസിലുള്ള കുട്ടികൾ | അധ്യാപകൻ കോപ്പി എഴുതുന്ന സമയത്ത് ഏറ്റവും താഴത്തെ വരിയിൽ നിന്ന് തുടങ്ങി മുകളിലേക്ക് അവസാനിക്കുന്ന രീതി നടപ്പിലാക്കുന്നു. ഇതിലൂടെ തെറ്റില്ലാതെ നോക്കി എഴുതുന്നതിന് പ്രചോദനം ലഭിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| 9 | സ്വതന്ത്രരചനയിലുള്ള അപര്യാപ്ത. | കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് കൊണ്ടുവരൽ | രണ്ട്, മൂന്ന് ക്ലാസുകളിലെ കുട്ടികൾ | വായനാകാർഡുകൾ കുട്ടികളെക്കൊണ്ട് നിർമ്മിക്കുന്നു. പറ്റാവുന്ന ചിത്രങ്ങളും ഉൾകൊള്ളിക്കുന്നു.<br><br>ക്ലാസ് മാസിക നിർമ്മാണം, ചുമർമാസിക, ഇവ ദിനാചരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | 200/ എസ്.എസ്.എ |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | പദപരിചയത്തിലുള്ള അപര്യാപ്തത. | ക്ലാസ് വായന മെച്ചപ്പെടുത്തൽ | 3.4 ക്ലാസിലെ വിദ്യാർത്ഥികൾ | ഓരോ അറബിക് പിരീഡിലും മൂന്നോ നാലോ കുട്ടികൾ പാഠഭാഗം ഉച്ചത്തിൽ വായിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| 11 | സർഗാത്മക പ്രാവീണ്യം ഇല്ലായ്മ | ICT യുടെ ആസ്വാദനലോകം ഉപയോഗപ്പെടുത്തുന്നു. | 1 മുതൽ 4 വരെ ക്ലാസിലുള്ള വിദ്യാർത്ഥികൾ | ധാരാളം കൊച്ചുകഥകളും കവിതകളും കേൾപ്പിക്കുന്നു. പ്രതിഭകളെ കണ്ടെത്തി പ്രചോദനം നൽകുന്നു. ബാലസഭയിൽ പങ്കാളിത്തം ഉറപ്പാക്കുന്നു. സ്കൂൾ തല - സബ്ജില്ലാതല മത്സരത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| 12 | ദിനങ്ങളെക്കുറിച്ചുള്ള അവബോധം | ലോക അറബി ഭാഷാദിനം Dec.18 | 3,4 ക്ലാസുകളിലെ കുട്ടികൾ | അറബി ഭാഷാദിനത്തോടനുബന്ധിച്ച് അറബിക് ഫെസ്റ്റ് നടത്തുന്നു. കയ്യെഴുത്ത് മാസികാ പ്രകാശനം നടത്തുന്നു. നടന്ന അറബിക് മത്സരങ്ങൾക്കുള്ള സമ്മാനവിതരണം നടത്തുന്നു. | | | |

## മേഖല : ഗണിതശേഷി വികസനം 1

| ക്രമ നമ്പർ | പശ്ചാത്തലം (പഠനപ്രശ്നം) | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | സ്ഥാന വിലയെപ്പറ്റി ശരിയായ ധാരണ ഇല്ലാത്തത് ഗണിത ക്രിയകൾ ചെയ്യുന്നതിന് തടസ്സം ഉണ്ടാക്കുന്നു. | സംഖ്യകളിൽ സ്ഥാനവിലയുടെ പ്രാധാന്യം വ്യക്തമാക്കിക്കൊടുക്കുക | 3,4 ക്ലാസ്സിലെ കുട്ടികൾ | സ്ഥാനവിലപ്പോക്കറ്റ്, അബാക്കസ് എന്നിവ ഓരോ കുട്ടിക്കും ഉണ്ടായിരിക്കുക, നിർദ്ദേശിക്കുന്ന സംഖ്യകൾ രൂപീകരിക്കുക. സ്ഥാനവിലപ്ലക്കാർഡ് ഉപയോഗിച്ചുള്ള കളികൾ. | ഗണിതാധ്യാപിക | ജൂൺ- ജൂലായ് മാസം | |
| 2 | സ്ഥാന വിലയെപ്പറ്റി ശരിയായ ധാരണ ഇല്ലാത്തത് ഗണിത ക്രിയകൾ ചെയ്യുന്നതിന് തടസ്സം ഉണ്ടാക്കുന്നു. | തെറ്റു കൂടാതെ കൃത്യമായി എണ്ണിയെടുക്കാനുള്ള കഴിവ് വർധിപ്പിക്കുക. സ്ഥാന വില ഉറപ്പിക്കുക. | 1,2 ക്ലാസിലെ കുട്ടികൾ | മഞ്ചാടി പെറുക്കൽ, ഞാനാരാണെന്ന് പറയാമോ? തുടങ്ങിയ കൂടുതൽ കളികൾ പരിചയപ്പെടുത്തുന്നു. രണ്ടാം ക്ലാസ് കഴിയുമ്പോഴേക്കും ഒന്ന്, പത്ത്, നൂറ് എന്നീ സ്ഥാനവിലകളെക്കുറിച്ച് ശരിയായ ധാരണ ഉണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ഗണിതാധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ | |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | വ്യവകലന ക്രിയകൾ ചെയ്യുമ്പോൾ കൂടുതൽ കുട്ടികൾ തെറ്റ് വരുത്തുന്നു. | വ്യവകലന ക്രിയകൾ (പൂജ്യം ഉൾപ്പെടുന്ന സംഖ്യകൾ) തെറ്റു കൂടാതെ ചെയ്യാനുള്ള കഴിവ് നേടുക. | 3,4 ക്ലാസിലെ കുട്ടികൾ | സമാനവില ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. അതിനുശേഷം സംഖ്യാമാല (വ്യവകലനം) ഡൈസ്കളി, പണ്ടെറിയാം, വ്യത്യാസം കാണാം തുടങ്ങിയ കളികളിലൂടെ കൂടുതൽ ക്രിയകൾ താൽപര്യത്തോടെ ചെയ്യാൻ നൽകുന്നു. | ഗണിത അധ്യാപിക | ഒരു ആഴ്ച | |
| 4 | പ്രശ്നാപഗ്രഥന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നില്ല. | അപഗ്രഥന ചോദ്യങ്ങൾ വായിച്ചപഗ്രഥിച്ച് ഉത്തരത്തിലെത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക. | 3,4 ക്ലാസിലെ കുട്ടികൾ | അപഗ്രഥന ചോദ്യങ്ങൾ ഫോട്ടോസ്റ്റാറ്റ് എടുത്ത് ഓരോ കുട്ടിക്കുമായി നൽകി അതിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കാൻ നിർദ്ദേശിക്കുന്നു. നിരന്തര വിലയിരുത്തൽ കാര്യക്ഷമമാക്കൽ | ഗണിതാധ്യാപിക | രണ്ട് ആഴ്ച | എസ്.ആർ.ജി 500/- |
| 5 | ഗണിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമഗ്രികളുടെ ലഭ്യതക്കുറവ് | ഗണിത കേളികളിലൂടെയും മറ്റു പ്രവർത്തനങ്ങളിലൂടെയും അഭ്യസിപ്പിക്കാനാവശ്യമായ സാമഗ്രികൾ എളുപ്പത്തിൽ ലഭ്യമാക്കൽ | 1 മുതൽ 4 വരെ ക്ലാസ്സിലെ കുട്ടികൾ | ഗണിത ലാബ് ഉണ്ടാക്കുകയും ആവശ്യമായ സാധനങ്ങൾ കുട്ടികളും ടീച്ചറും ശേഖരിച്ച് വയ്ക്കുകയും ചെയ്യുന്നു. മഞ്ചാടി, ഈർക്കിൽ, വൃത്തം വരയ്ക്കാനാവശ്യമായവ, സ്കെയിൽ, അബാക്കസ്, ക്ലോക്കിന്റെ മോഡൽ, വാൽവ്ട്യൂബ് ഇവ ശേഖരിച്ച് വയ്ക്കുന്നു. | അധ്യാപിക കുട്ടികൾ | ഒരു മാസം | പി.ടി.എ 500/- |

## മേഖല : ശാസ്ത്രാവബോധം 1

| ക്രമ നമ്പർ | പശ്ചാത്തലം (പഠനപ്രശ്നം) | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | കുട്ടികൾക്ക് നേരിട്ട് കണ്ടും നിരീക്ഷിച്ചും | ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരിട്ട് കണ്ടും നിരീക്ഷിച്ചും മനസ്സിലാക്കാനുള്ള അവസരം ഒരുക്കുക. | 1 മുതൽ 4 വരെയുള്ള കുട്ടികൾ | സാധ്യമായ ശാസ്ത്ര വിഷയങ്ങൾ എല്ലാം പരിസരത്തേക്കിറങ്ങി കണ്ടും നിരീക്ഷിച്ചും മനസ്സിലാക്കുന്നതിനായി ഫീൽഡ് ട്രിപ്പുകൾ കൂടുതലായി നടത്തുക. നിരീക്ഷണക്കുറിപ്പ് എഴുതുക. | ഓരോ യൂണിറ്റും സാധ്യമായ സമയം | ശാസ്ത്രാധ്യാപിക | പി.ടി.എ 1000/- |
| 2 | പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യാൻ കഴിവില്ലായ്മ | കുട്ടികൾക്ക് സ്വന്തമായി പരീക്ഷണം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | 3-4 ക്ലാസിലെ കുട്ടികൾ | സയൻസ് ലാബ് മെച്ചപ്പെടുത്തുന്നു. പാഠഭാഗത്തു വരുന്ന ലഘു പരീക്ഷണങ്ങൾ ക്ലാസിൽ കാണിക്കുന്നു. കുട്ടികൾക്ക് സ്വയം ചെയ്യാൻ അവസരം നൽകുന്നു. | സാധ്യമായ പാഠഭാഗങ്ങൾ വരുമ്പോൾ | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്ബ് കൺവീനർ | എസ്.ആർ.ജി 400/- |
| 3 | ശാസ്ത്രജ്ഞന്മാരെക്കുറിച്ചും സംഭാവനകളെക്കുറിച്ചുമുള്ള അറിവില്ലായ്മ | ശാസ്ത്രത്തിന് മികച്ച സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുക. | 3-4 ക്ലാസിലെ കുട്ടികൾ | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിൽ ശാസ്ത്രകാരന്മാരുടെ ചിത്രങ്ങൾ കാണിക്കുകയും അവർ ശാസ്ത്രത്തിനു നൽകിയ കണ്ടുപിടുത്തങ്ങളെപ്പറ്റി വിശദീകരിക്കുകയും ചെയ്യുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | ദിനാചരണങ്ങൾ നടത്തുന്ന സമയം | ക്ലാസ് അധ്യാപിക | പി.ടി.എ 200/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ചുറ്റുപാടുമുള്ള വസ്തുക്കളെപ്പറ്റി അറിവില്ലായ്മ. | ചുറ്റുപാടുമുള്ള വസ്തുക്കളെ കണ്ടും മണത്തും രുചിച്ചും തിരിച്ചറിയുക. | 1 മുതൽ 4 വരെയുള്ള ക്ലാസുകൾ | കുട്ടികൾക്ക് പരിചിതമായ പഴങ്ങൾ, പച്ചക്കറികൾ, ഇലകൾ എന്നിവ കണ്ടും മണത്തും രുചിച്ചും അറിയാനുള്ള അവസരങ്ങൾ നൽകുന്നു. ചുറ്റുപാടുമുള്ള വസ്തുക്കൾ കൂടാതെ ഇഞ്ചി, ജീരകം, ഉപ്പ്, പഞ്ചസാര, ഗ്രാമ്പു, ഉലുവ, കടുക് എന്നിവ മണത്തോ തൊട്ടു നോക്കിയോ കണ്ടെത്താനുള്ള പ്രവർത്തനം മത്സരമായി നടത്തുന്നു. | മാസത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് കൺവീനർ | |
| 5 | അന്വേഷിച്ചു കണ്ടെത്താനുള്ള കുട്ടികളുടെ താൽപര്യക്കുറവ് | അന്വേഷണാത്മക പഠനം പ്രോത്സാഹിപ്പിക്കുക | 3,4 ക്ലാസിലെ കുട്ടികൾ | കുട്ടികൾക്ക് അന്വേഷിച്ച് ഉത്തരം കണ്ടെത്താനും അറിവ് വർധിപ്പിക്കാനുമുള്ള ചോദ്യങ്ങൾ സയൻസ് ക്ലബ്ബിന്റെ വാർത്താ ബോർഡിൽ എഴുതി വയ്ക്കുന്നു. ശരിയായ ഉത്തരം കണ്ടെത്തുന്ന കുട്ടികളെ അസംബ്ലിയിൽ അനുമോദിക്കുന്നു. | ആഴ്ചയിൽ ഒന്ന് | സയൻസ് ക്ലബ്ബ് കൺവീനർ | |

## മേഖല : സാമൂഹ്യ പങ്കാളിത്തം

| ക്രമ നമ്പർ | പശ്ചാത്തലം (പഠനപ്രശ്നം) | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | | വിദ്യാലയത്തെ സമൂഹവുമായി ബന്ധപ്പെടുത്തി അക്കാദമികവും ഭൗതികവുമായ വികസനം ഉറപ്പാക്കുക. | | വിദ്യാലയ വികസന സമിതിയുടെ യോഗത്തിൽ സമയബന്ധിതമായി ചേരുകയും സ്ഥിതിഗതികൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. സ്കൂളിന്റെ അതിർത്തിയിൽ വരുന്ന മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങളിൽ സഹായം ഉറപ്പാക്കുന്നു. | ജൂൺ, മാർച്ച് | SRG | RS. 600/- PTA |
| 2 | | പൊതുവിദ്യാലയങ്ങളുടെ സവിശേഷതകളെയും സൗകര്യങ്ങളെയും നേട്ടങ്ങളെയും പറ്റി സമൂഹത്തെ ബോധ്യപ്പെടുത്തുക. | | സ്കൂളിന്റെ അതിർത്തിയിൽ വരുന്ന വീടുകൾ സന്ദർശിച്ച് സ്കൂളിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുക, സ്കൂൾ വാർഷികം, ദിനാചരണം, പ്രദർശനം മുതലായ പരിപാടികളിലേക്ക് ക്ഷണിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. | ജനുവരി, മാർച്ച് | SRG | RS. 500/- PTA |
| 3 | | പ്രായമായവരുടെ അനുഭവങ്ങൾ പുതുതലമുറയുമായി പങ്കുവയ്ക്കൽ. മുതിർന്നവരോട് ആദരവ് കാണിക്കാനുള്ള മനോഭാവം വളർത്തൽ. | | വയോജനങ്ങളെ ആദരിക്കുന്നു. | ഒക്ടോബർ 1 | SRG | RS. 500/- PTA |

## മേഖല : പി.ടി.എ ശാക്തീകരണം

| ക്രമ നമ്പർ | പശ്ചാത്തലം (പഠനപ്രശ്നം) | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | | കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് എന്തെന്ന് ബോധ്യപ്പെടുത്തൽ | PTA | കുട്ടികളുടെ പഠനകാര്യങ്ങളിൽ സഹായിക്കുന്നതിനായി പി ടി എ അംഗങ്ങൾക്ക് ബോധവത്കരണ ക്ലാസ് നൽകുന്നു. ക്ലാസ് പിടിഎ യിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഓരോ മീറ്റിംഗിലും രക്ഷിതാക്കൾക്ക് ഹാജർ രേഖപ്പെടുത്തുന്നു. സ്ഥിരമായി പങ്കെടുക്കാത്തവരെ നേരിട്ട് കണ്ട് പങ്കെടുക്കുവാൻ നിർദ്ദേശിക്കുന്നു. | ജൂലായ് ഡിസംബർ മാസങ്ങളിൽ | SRG | RS. 700/- PTA |
| 2 | | രക്ഷിതാക്കളുടെ സർഗവാസനകൾ പ്രകടിപ്പിക്കുവാൻ അവസരം നൽകൽ. രക്ഷിതാക്കളും വിദ്യാലയവും തമ്മിലുള്ള ബന്ധം ഉറപ്പാക്കൽ. | PTA | പിടിഎ, മദർ പിടിഎ അംഗങ്ങൾക്ക് സർഗ്ഗോത്സവം, കായികമേള, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ച് സമ്മാന വിതരണം നടത്തുന്നു. | വർഷത്തിൽ ഒരു തവണ ഫിബ്രുവരി | SRG | RS. 1000/- സ്പോൺസറിംഗ് |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | | കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | എല്ലാ അധ്യാപകരും | ക്ലാസ് പി ടി എ മാസം തോറും ചിട്ടയോടെ നടത്തുക.<br><br>പാഠഭാഗങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് വിശദമാക്കുക.<br><br>രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ സ്വീകരിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപിക | |
| 4 | കുട്ടികളുടെ ഗൃഹാന്തരീക്ഷം അധ്യാപകർ മനസ്സിലാക്കാതിരിക്കുന്നു. | കുട്ടികളുടെ കുടുംബാന്തരീക്ഷം മനസ്സിലാക്കുന്നതിലൂടെ അക്കാദമിക കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നു. | എല്ലാ അധ്യാപകരും | ഓരോ അധ്യാപികയും അവരുടെ ക്ലാസിലെ കുട്ടികളുടെ ഗൃഹസന്ദർശനം നടത്തുന്നു.<br><br>സ്ഥിതി ഗതികൾ മനസ്സിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എസ്.ആർ.ജി | |

Scanned with OKEN Scanner

## പ്രതീക്ഷിത നേട്ടങ്ങൾ

- നാലാം ക്ലാസ് കഴിയുമ്പോഴേക്കും മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, അറബി എന്നീ ഭാഷകളും എഴുതാനും വായിക്കാനും കഴിവ് നേടും.
- വിദ്യാലയത്തിൽ ശിശുസൗഹൃദമായ അന്തരീക്ഷം ഉണ്ടാകും.
- മതനിരപേക്ഷ വിദ്യാഭ്യാസം നിലനിൽകും.
- നല്ല മൂല്യങ്ങളും മനോഭാവങ്ങളും ഉള്ള സമൂഹത്തെ സൃഷ്ടിക്കും.

## മോണിറ്ററിംഗ്

- ഉദ്യോഗസ്ഥ തല മോണിറ്ററിംഗ്
- സാമൂഹികമായ മോണിറ്ററിംഗ് (PTA, MPTA)
- ദൈനംദിന മോണിറ്ററിംഗ് (HM)

Scanned with OKEN Scanner

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വരും വർഷങ്ങളിൽ നമ്മുടെ വിദ്യാലയത്തെ അക്കാദമികമായി ഉയർന്ന നിലവാരത്തിലെത്തിക്കുന്നതിനുള്ള കടമയാണ് നമ്മൾ ഏറ്റെടുക്കുന്നത്. ഇതിന് അധ്യാപകരോടൊപ്പം സമൂഹത്തിന് വലിയ പങ്കാണ് വഹിക്കാനുള്ളത്. കുട്ടികളുടെ എല്ലാ തരത്തിലുമുള്ള വികസനത്തിന് മാതൃഭാഷയെ മാറ്റി നിർത്തി മറ്റു ഭാഷകളെ കുട്ടികളിൽ അടിച്ചേൽപ്പിക്കുന്നത് കുട്ടികളുടെ ആത്മവിശ്വാസം തകർക്കാനേ ഉപകരിക്കൂ എന്നാണ് മനഃശാസ്ത്രജ്ഞർ പറയുന്നത്. അതുകൊണ്ട് മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, അറബി എന്നീ ഭാഷകളും കൈകാര്യം ചെയ്യാനുള്ള കഴിവ് മെച്ചപ്പെടുത്തുക എന്നതാണ് നമ്മുടെ വിദ്യാലയം ലക്ഷ്യമിടുന്നത്. അതിലൂടെ ജീവിത വിജയം നേടാൻ കഴിവുള്ള ഒരു ജനതയെ വാർത്തെടുക്കുകയാണ് ലക്ഷ്യമിടുന്നത്. ഇതിന് ഭൗതീക സാഹചര്യങ്ങളും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ഇതിനായി മാനേജ്മെന്റിന്റേയും സമൂഹത്തിന്റെയും പൂർവ്വ വിദ്യാർത്ഥികളുടെയും സേവനം അത്യന്താപേക്ഷിതമാണ്.

****************************

Scanned with OKEN Scanner